# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5908 04.07.2019 ൽ മറുപടിക്ക്**

**ആലത്തൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;<br><br>ബി) ആയത് സംബന്ധിച്ച് സെക്ഷൻ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | എ) & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയപാത വിഭാഗത്തിനു കീഴിൽ 2016-17 സാമ്പത്തിക വർഷം ആലത്തൂർ, ചിറ്റൂർ നിയോജകമണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന കുഴൽമന്ദം - കൊടുവായൂർ റോഡ് ( 10കി.മീ- 10 കോടി രൂപ) സി ആർ എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗതിയിലാണ്.<br><br>പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗത്തിന് കീഴിൽ ചുള്ളിമട പാലം (FS) - 9.78 കോടി രൂപയും , ആലത്തൂർ പറക്കുന്നം പാലവും അപ്രോച്ച് റോഡും (in principle sanction) -15.00 കോടി രൂപയും ഉൾപ്പെടെ 24.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനു കീഴിൽ ആലത്തൂർ പ്രീമെട്രിക് ഹോസ്റ്റൽ അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തിക്ക് (എസ്റ്റിമേറ്റ് തുക 10.50 ലക്ഷം രൂപ) ജി.ഒ.(ആർ ടി) 2099/2016/എസ്.സി.എസ്.റ്റി.ഡി തീയതി 16.12.2016 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 27.12.2017ന് പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൻ കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

5908

അനുബന്ധം

നിരത്തു വിഭാഗം

| ക്രമ നം. | ഇനം | ആലത്തൂർ സെക്ഷൻ | കുഴൽമന്ദം സെക്ഷൻ |
|---|---|---|---|
| 1 | കിഫ്ബി (മലയോര ഹൈവേ ഉൾപ്പെടെ) | ₹ 66,60,00,000.00 | ₹24,09,00,000.00 |
| 2 | ബജറ്റ് വിഹിതം | ₹ 9,66,00,000.00 | ₹19,89,00,000.00 |
| 3 | 20% ബജറ്റ് മറുപടി | ₹ 15,00,00,000.00 | ₹0.00 |
| 4 | സ്പെഷ്യൽ ഫണ്ട് | ₹10,75,00,000.00 | ₹4,00,00,000.00 |
| 5 | Renewal Programme | ₹3,48,00,000.00 | ₹65,00,000.00 |
| 6 | Structural Repairs | ₹61,00,000.00 | ₹1,11,10,000.00 |
| 7 | Flood damage repair | ₹40,00,000.00 | ₹3,70,000.00 |
| 8 | Disaster Management Fund | ₹12,00,000.00 | ₹0.00 |
| 9 | Urgent Patch Repairs | ₹1,72,00,000.00 | ₹96,00,000.00 |
| 10 | Pre-monsoorn works | ₹16,40,000.00 | ₹13,50,000.00 |
| | ആകെ | ₹1,08,50,40,000.00 | ₹50,87,30,000.00 |
| | മണ്ഡലത്തിൽ ആകെ | | ₹1,59,37,70,000.00 |

(നൂറ്റി അമ്പത്തിയൊമ്പത് കോടി മുപ്പത്തിയേഴ് ലക്ഷത്തി എഴുപതിനായിരം രൂപ)

സെക്ഷൻ ഓഫീസർ